# നിശാഗന്ധി

## e മാഗസിൻ

## ഓണപ്പതിപ്പ് 2024



little KITEs

GHSS
MEENANGADI

# പത്രാധിപസമതി

**ചീഫ് എഡിറ്റർ** ഷിവി കൃഷ്ണൻ
**ഓണററി എഡിറ്റർ** പി ഒ സുമിത
**സ്റ്റാഫ് എഡിറ്റർ** ഡോ. ബാവ കെ പാലുകുന്ന്
**സബ് എഡിററർ** സി മനോജ്

**അംഗങ്ങൾ**

കെ അനിൽകുമാർ
എസ് വി വിജേഷ്
രജിത എം കെ

**ലേ ഔട്ട്** കെ ബിജോ പോൾ
**വര** അനുശ്രീ 8 A
**മുഖചിത്രം** കൃഷ്ണൻ കുമ്പളേരി
**പുറംതാൾ** കമലാസനൻ

**ടീം ലിറ്റിൽ കൈറ്റ്സ്**

ദേവസാന്ദ്ര
ദേവപ്രിയ കെ ആർ
ആദില ഫാത്തിമ
വൈഗ പ്രകാശ്
ശ്രീലക്ഷ്മി
അവന്തിക
ശ്രീ പാർവ്വതി
ദേവിക എം വി



പുസ്തകം 1
ലക്കം 1
2024 സെപ്റ്റംബർ–ഒക്ടോബർ

## നിശാഗന്ധി
## ഓണപ്പതിപ്പ് 2024

**പ്രിയ വായനക്കാർക്ക്**
**ഓണാശംസകൾ**


**അനുഭവം**

8 സൌഹൃദത്തിന്റെ മുള്ളും പൂവും
– അൽക അനീന എം എസ്

**അതിഥി**

15 ജോയ് പാലക്കാമൂലയുടെ
രചനാലോകം

**കഥ**

11 നഷ്ടസ്വപ്നം
അലോണ ആന്റണി

13 അച്ഛൻ
–ആദിത്യ ജയചന്ദ്രൻ പാല്ലശ്ശേരി

18 പ്രാവുകൾ പറഞ്ഞത്
– ജോയ് പാലക്കമൂല

20 നെരിപ്പോട്
–ഫാത്തിമ ഫാദിയ

**പുസ്തകജാലകം**

19 ഭൂമിയുടെ അവകാശികൾ
– ഹിദ ജെബിൻ

22 ടോട്ടോച്ചാൻ
–അനുശ്രീ ആർ എസ്

24 **വാർത്താജാലകം**

**ഓണവിശേഷങ്ങൾ**

5 വിസ്മൃതമാകുന്ന ഓണക്കാല
വിനോദങ്ങൾ
– ഡോ. ബാവ കെ പാലുകുന്ന്

10 ഓണച്ചൊല്ലുകൾ

**കവിത**

12 കരൾ പിളരും കാലം
– വി ആർ പ്രകാശ്

23 പൂമ്പാറ്റ
– ദേവാംഗി ഡി കെ

പ്രിയരേ,



പറയാതെപോയ വാക്കുകൾ..
വരികൾ...
ഇവിടെ വരികൾക്കിടയിൽ വായിക്കാം.
ചിരകാലമായ സ്വപ്നത്തിന്റെ സാഫല്യമാണ് ഈ
നിശാഗന്ധി ! ഇരുട്ടിന്റെ അഗാധതയെ
പ്രണയിക്കുമ്പോഴും ,
അനർഘസംഗീത മാധുരിയുടെ സുഗന്ധമായും
അനർഗള പ്രവാഹമായും
നിറയുന്ന ആവിഷ്കാരങ്ങളുടെ അനുഭൂതികൾ
നിറയുന്ന ഇടമാകുന്നു ഈ ഉദ്യമം.
ഒരു നനുത്ത മയിൽപ്പീലിത്തുണ്ടു പോലെ
മനതാരിൽ ചേർത്തുവയ്ക്കുക. പ്രിയതരമായ
വരികൾക്കിടയിലും അവയ്ക്കിടയിലും ഒളിപ്പിച്ചുവച്ച
യാഥാർത്ഥ്യങ്ങളെ തൊട്ടറിയുക !

നാം ഇവിടെയുണ്ട്
എന്നടയാളപ്പെടുത്തുക..

വായനക്കാർക്കു മുമ്പിൽ സവിനയം സമർപ്പിക്കുന്നു
നിശാഗന്ധി !
രാത്രിതന്ത്രികളുടെ സംഗീതംപോലെ സ്വീകരിക്കുക..!

ചീഫ് എഡിറ്റർ

ലേഖനം

# വിസ്മൃതമാകുന്ന ഓണക്കാല വിനോദങ്ങൾ



**ഡോ.ബാവ കെ. പാലുകുന്ന്**

**പൂത്തു**മ്പികളോടും പൂമ്പാറ്റകളോടും കിന്നാരം പറഞ്ഞും, പൂപ്പൊലിപ്പാട്ടുകൾ പാടിയും കാടും മേടും കയറിയിറങ്ങി, മണമേറുന്ന പൂക്കൾ പറിച്ച പൂക്കളമൊരുക്കി മാവേലിമന്നനെ വരവേറ്റിരുന്ന ഇന്നലെകളിലെ ഓണക്കാഴ്ചകൾ ഓർമ്മയായിരിക്കുന്നു. പെയ്തൊഴിഞ്ഞ ആകാശത്തിനുകീഴെ കൊയ്തൊഴിഞ്ഞ വയലേലകളിൽ കുസൃതിക്കുരുന്നുകൾ കളിച്ചു തിമർക്കുന്ന ദൃശ്യം അന്യമായിരിക്കുന്നു. കുട്ടികൾ മാത്രമല്ല ; പ്രായമായവർപോലും എല്ലാം മറന്ന് ഒത്തുകൂടുകയും വിവിധ വിനോദങ്ങളിൽ പങ്കാളികളാവുകയും ചെയ്തിരുന്ന ഒരോണക്കാലം ഇവിടെയുണ്ടായിരുന്നു എന്നറിയുമ്പോൾ പുതുതലമുറക്ക് അതവിശ്വസനീയമായി തോന്നാം. നാഗരികതയുടെ മലവെള്ളപ്പാച്ചിലിൽ നമുക്ക നഷ്ടമായത് നാട്ടിൻപുറങ്ങളിലെ അനേകം നൻമകൾ കൂടിയാണല്ലോ.!

ഓണക്കാലത്ത് എണ്ണമറ്റ വിനോദങ്ങളിൽ മുഴുകി മാനസികോല്ലാസവും, സംതൃപ്തിയും വീണ്ടെടുത്തിരുന്ന കേരളീയ പാരമ്പര്യത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഏറെയും വിസ്മൃതിയിലാണ്ടു കഴിഞ്ഞുവെങ്കിലും നമ്മുടെ ഗ്രാമാന്തരങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന ചില ഓണക്കാല വിനോദങ്ങളുണ്ട്. അവയിൽ പ്രധാനമായ കളികളെയും കലാരൂപങ്ങളെയും കുറിച്ചറിയുന്നത് രസാവഹമായിരിക്കും.

### ഓണത്തല്ല്

പൊതുവെ രണ്ടാം നൂറ്റാണ്ടിൽ രചിച്ചതെന്നു കരുതപ്പെടുന്ന 'മധുരൈ ക്കാഞ്ചി ' എന്ന സംഘകാല തമിഴ് കൃതിയിൽപോലും സ്ഥാനംപിടിച്ച വിനോദമാണ് ഓണത്തല്ല് . ആയോധന കലാപ്രധാനമായ ഈ കായികവിനോദം നാടുവാഴിസംസ്കാരത്തിന്റെ മടിത്തട്ടിലാണ് തഴച്ചുവളർന്നത്. കളരിയിൽ പരിശീലനം പൂർത്തിയാക്കിയ ചെറുപ്പക്കാർക്ക് തങ്ങളുടെ മെയ് വഴക്കവും വൈദഗ്ധ്യവും സാമാന്യജനങ്ങൾക്കു മുമ്പിൽ പ്രദർശിപ്പിക്കാൻ ഇത് നല്ലൊരു അവസരമായിരുന്നു. ഒരു ദ്വന്ദ്വ യുദ്ധത്തിന്റെ പ്രതീതിയുളവാക്കുമാറ്, ഉടുമുണ്ട് അരയിൽ മുറുക്കിക്കെട്ടി നിശ്ചിതമായ ക്രമത്തിലും നിബന്ധനകൾക്കു വിധേയമായും നടത്തുന്ന ഓണത്തല്ല് കാഴ്ചക്കാരിൽ വീരരസം ഉളവാക്കാൻ പര്യാപ്തമായിരുന്നു . ഓണപ്പട, കൈയാങ്കളി എന്നീ പേരുകളിലും അറിയപ്പെട്ടിരുന്ന ഇതിന് കൃത്യമായ നിബന്ധനകളുണ്ട്. കൈ കൊണ്ടുള്ള അടിയും തടയുമല്ലാതെ, ഇടിയോ ചവിട്ടോ അനുവദനീയമല്ല. ചാണകം മെഴുകി പ്രത്യേകം തയ്യാറാക്കിയ ആട്ടക്കളത്തിൽ അരങ്ങേറുന്ന ഓണത്തല്ല് നിയന്ത്രിക്കാൻ 'ചായിക്കാരൻ ' എന്നു വിളിച്ചിരുന്ന റഫറിയുമുണ്ടാകും.

### ഓണത്തുള്ളൽ

ഓണത്തുള്ളൽ, വേലൻ തുള്ളൽ എന്നീ പേരുകളിലറിയപ്പെടുന്ന കലാരൂപത്തിന് ദക്ഷിണ കേരളത്തിലാണ് കൂടുതൽ പ്രചാരമുണ്ടായിരുന്നത് . തലയിൽ പ്രത്യേക തരത്തിലുള്ള കിരീടം ധരിച്ച് കുരുത്തോലത്തൊങ്ങൽ വീശിക്കൊണ്ട് രണ്ടു സ്ത്രീകളാണ് ഇതവതരിപ്പിക്കുക. വേല സമുദായക്കാർക്കിടയിൽ പ്രചാരം നേടിയിരുന്ന ഈ കലാപ്രകടനത്തിന് പുരുഷന്മാർ തുടികൊട്ടിയും, സ്ത്രീകൾ കിണ്ണം മുട്ടിയും ഹരം പകർന്നിരുന്നു. രണ്ടോ മൂന്നോ വേലൻമാർ ചേർന്ന് തുടി കൊടിപ്പാട്ടും . നാട്ടിൻപുറങ്ങളിലെ വീടുകളിൽ ഓണത്തുള്ളൽ അവതരിപ്പിക്കാനെത്തുന്നവരെ വീട്ടുകാർ മുറ്റത്ത് നിലവിളക്കു തെളിയിച്ചു വച്ച് സ്വീകരിക്കും. പോകുമ്പോൾ നെല്ലോ പണമോ സമ്മാനിക്കുകയും ചെയ്യും.

### ഓണപ്പൊട്ടൻ

ഓണക്കാലത്ത്, വിശേഷിച്ച് ഉത്രാടം, തിരുവോണം നാളുകളിൽ പാണൻമാർ കെട്ടിയാടുന്ന തെയ്യക്കോലമാണ് ഓണേശ്വരൻ അഥവാ, ഓണപ്പൊട്ടൻ. ഒന്നും ഉരിയാടാത്തതുകൊണ്ടാണ് ഓണപ്പൊട്ടൻ എന്ന വിളിപ്പേര് ഇതിനു കൈവന്നത്. ഓലക്കുട ചൂടി , മണി കൊട്ടിയാവും ഓണപ്പൊട്ടന്റെ വരവ്. തലയിൽ ഒരു തരം കിരീടം വച്ചിരിക്കും. ഓലക്കുട കുരുത്തോല കൊണ്ട് അലങ്കരിക്കും. വീടുകൾതോറും കയറിയിറങ്ങി ദക്ഷിണ സ്വീകരിക്കും. വണ്ണാൻ സമുദായത്തിൽപ്പെട്ടവർ അവതരിപ്പിക്കുന്ന 'ഓണത്താർ' എന്ന തെയ്യത്തെയും ഓണക്കാലങ്ങളിൽ കണ്ടുമുട്ടാറുണ്ട്. കൈയിൽ ഓണവില്ലുമായാണ് ആ തെയ്യം വീടുകളി ലെത്തുക.

**പാവക്കൂത്ത്**

ഓണക്കാലത്ത് അരങ്ങേറാറുള്ള ഒരു പാവനാടകമാണ് ഓണക്കളിപ്പാവക്കൂത്ത്. ആലപ്പുഴയിലും തിരുവിതാംകൂറിന്റെ ചില ഭാഗങ്ങളിലുമാണ് ഇതു പ്രചാരത്തിലുണ്ടായിരുന്നത്. ഗണകൻമാരുടെ പാരമ്പര്യ കലാരൂപമാണിത്. ഉടുക്ക് ,കിണ്ണം മുതലായ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പ്രത്യേക പാട്ടുകൾ പാടിക്കൊണ്ടാണ് ഇതു നടത്തുക.

തിരുവാതിരക്കളി

കൈകൊട്ടിക്കളി , ഊഞ്ഞാലാട്ടം എന്നിവയ്ക്ക് ഓണക്കാലത്ത് സവിശേഷ പ്രാധാന്യമുണ്ട് . നമ്മുടെ നാടോടിപ്പാട്ടുകളിലും പ്രാചീനസാഹിത്യ കൃതികളിലുമെല്ലാം ഇവയെക്കുറിച്ചുള്ള വർണ്ണനകൾ സുലഭമാണ് . തനി കേരളീയവേഷത്തിൽ നിലവിളക്കിനു ചുറ്റും ചുവടുവച്ചുകൊണ്ട് പാട്ടുപാടിയും കൈകൊട്ടിയും നീങ്ങുന്ന പെൺകുട്ടികളുടെ ദൃശ്യം കാഴ്ചക്കാരിൽ സന്തോഷം ജനിപ്പിക്കും. തിരുവാതിരക്കളി എന്ന പേരിലും പ്രസിദ്ധിയാർജിച്ചിട്ടുള്ള ഈ കലാരൂപത്തിന് പ്രാചീന തമിഴ് കൃതിയായ ചിലപ്പതികാരത്തിലും മറ്റും പരാമർശിക്കുന്ന നൃത്തത്തോട് സാമ്യമുണ്ട് . നാട്ടിൻപുറങ്ങളിൽ പ്രചുര പ്രചാരം സിദ്ധിച്ചിട്ടുള്ള തിരുവാതിരപ്പാട്ടുകളും ഊഞ്ഞാൽ പാട്ടുകളും നിരവധിയാണ്. ധനുമാസത്തിലെ തിരുവാതിരരാവിൽ പണ്ടുമുതൽക്കേ സ്ത്രീകൾ ഈ വിനോദത്തിൽ ഏർപ്പെടുക പതിവായിരുന്നു. തിരുവാതിരക്കളിയോട് ഏറെ സാമ്യമുള്ള കുമ്മിയടിയും  അവതരിപ്പിക്കാറുള്ളത് ഓണക്കാലത്തുതന്നെ. ദ്രുതഗതിയിലുള്ള ശാരീരിക ചലനങ്ങളും, കാൽവയ്പുകളും കൊണ്ട് കാഴ്ചക്കാരെ ആകർഷിക്കുന്ന കുമ്മിയടിക്കായി പ്രത്യേകം പാട്ടുകളുമുണ്ട്.

തുമ്പിതുള്ളൽ

പെൺകുട്ടികളുടെ ഓണക്കാല വിനോദങ്ങളിൽ തുമ്പിതുള്ളലിനും ഏറെ സ്ഥാനമുണ്ട്. ശുഭ്രവസ്ത്രം ധരിച്ച ബാലികമാർ വീടിന്റെ അകത്തളത്തിലോ മുറ്റത്തോ വട്ടമിട്ടിരുന്നാണ് ഇതു കളിക്കുക. മധ്യത്തിൽ തുമ്പച്ചെടിയുമായി  ചമ്രം പടിഞ്ഞിരിക്കുന്ന ബാലികയാണ് തുമ്പി.  ചുറ്റുമിരിക്കുന്നവർ പാട്ടുപാടുമ്പോൾ ബാലിക  തുമ്പിതുള്ളിത്തുടങ്ങുന്നു. ക്രമേണ ഉറഞ്ഞു തുള്ളുകയും ചുറ്റുമുള്ള വരുടെ പിറകെ ഓടുകയും ചെയ്യും. ആവേശം വർദ്ധിച്ച  ബോധക്ഷയം വരെ സംഭവിക്കാറുണ്ട്.  തുമ്പിതുള്ളലിനായി ഉപയോഗിച്ചിരുന്ന നിരവധി പാട്ടുകളും പ്രചാരത്തിലുണ്ടായിരുന്നു.

മുടിയാട്ടം

മുടിയാട്ടം,  തലയാട്ടം എന്നീ പേരുകളി ലറിയപ്പെടുന്ന കലാരൂപത്തിനും ഓണക്കാലത്ത് പ്രത്യേക പ്രാധാന്യമുണ്ട്.  കാർഷികസമൃദ്ധിക്കുവേണ്ടി വയലേലകളിൽ വിത്തിറക്കുന്നതിനു മുമ്പും , ഉത്സവങ്ങളോടനുബന്ധിച്ചും ഇതവതരിപ്പിക്കാറുണ്ട്. താളമേളങ്ങൾക്കനുസൃതമായും പാട്ടിന്റെ ഗതി അനുസരിച്ചും സ്ത്രീകൾ കഴുത്തിനു മുകൾ ഭാഗം വട്ടത്തിൽ ചലിപ്പിച്ച് മുടി ചുഴറ്റിക്കൊണ്ടാണ് ഇതവതരിപ്പിക്കുക.
ഓട്ടുകിണ്ണമോ കൈമണിയോ താളവാദ്യമായി ഉപയോഗിക്കും. പാട്ടുകാരും മേളക്കാരും പുരുഷൻമാരായിരിക്കും. തണ്ടപ്പുലയർ എന്ന സമുദായക്കാർക്കിടയിൽ തലയാട്ടത്തിന് ഏറെ പ്രചാരമുണ്ടായിരുന്നു . പുലയർ ,വേട്ടുവർ, ഉള്ളാടർ മുതലായ സമുദായക്കാരും ഇതവതരിപ്പിച്ചിരുന്നു. ആലപ്പുഴ, കൊല്ലം. കോട്ടയം ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഇത് കൂടുതലായി അരങ്ങേറാറുണ്ടായിരുന്നത്.

പുലിക്കളി

തൃശ്ശൂരിലെയും പരിസരങ്ങളിലെയും പ്രധാന ഓണക്കാലവിനോദമാണ് പുലിക്കളി . നാലാം ഓണനാളിലാണ് തൃശ്ശൂരിൽ പുലിക്കളി സംഘങ്ങൾ രംഗത്തെത്താറുള്ളത്. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പുലിവേഷം ധരിച്ച പുരുഷന്മാരാണ് ഈ കളി നടത്തുന്നത്. മുഹറത്തോടനുബന്ധിച്ച് നടത്തിയിരുന്നതും വടക്കേ ഇന്ത്യയിലെ മുസ്‌ലിംകൾക്കിടയിൽ പ്രചാരത്തിൽ ഉണ്ടായിരുന്നതുമായ കലാപ്രകടനത്തിന്റെ രൂപഭേദമാണിത് . പട്ടാണി മുസ്‌ലിംകളാണ് രണ്ടു നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ കലാരൂപം തൃശ്ശൂരിൽ എത്തിച്ചതെന്ന് കരുതപ്പെടുന്നു.  പുലിക്കളിയില്ലാത്ത ഒരു ഓണം  തൃശ്ശൂർ സ്വദേശികൾക്ക് സങ്കൽപ്പിക്കാൻ പോലും സാധ്യമല്ലായിരുന്നു . ചിലർ ഇതിനെ കടുവകളി എന്നും വിളിക്കാറുണ്ട്.

കരടികളി

പുലികളിക്കാരെപ്പോലെ കരടിവേഷം ധരിച്ചുവരുന്ന കരടികളിക്കാരെയും ഓണക്കാലത്ത് കണ്ടുമുട്ടാറുണ്ട് . മധ്യതിരുവിതാംകൂർ പ്രദേശങ്ങളിലാണ് ഈ നാടൻ വിനോദത്തിന് പ്രചാരം സിദ്ധിച്ചിരുന്നത് .

കരടിയുടെ രൂപത്തിലുള്ള മുഖംമൂടിയണിഞ്ഞ് ശരീരത്തിൽ കറുത്ത ചായംതേച്ച് ഉണങ്ങിയ വാഴയിലകൾ കോർത്ത് പാവാട ചുറ്റി ചെണ്ടമേളത്തിനൊപ്പം നൃത്തം ചെയ്താണ് ഇവർ വരിക. നിലാവുള്ള രാത്രികളിൽ വീടുതോറും കയറിയിറങ്ങി ആളുകളെ രസിപ്പിക്കുന്ന കരടിവേഷക്കാരും ഇന്ന് ഓർമകൾ മാത്രമായി .

ആട്ടകളി



മധ്യതിരിവിതാംകൂറിൽ പ്രചാരത്തിലു ണ്ടായിരുന്ന മറ്റൊരു വിനോദകലയാണ് ആട്ടകളി. ഒരുതരം ഇടയനൃത്തത്തിന്റെ സ്വഭാവത്തിലുള്ള ഈ കലാരൂപത്തിന് തനതായ ഗാനശാഖയുമുണ്ട്. സ്ത്രീകളും പുരുഷൻമാരും ഇതിന്റെ അവതരണത്തിൽ പങ്കാളികളാവാറുണ്ട്.

കാരകളി

ഹോക്കിയോട് സാദൃശ്യമുള്ളതും ഓണക്കാല വിനോദങ്ങളിൽ പ്രമുഖ സ്ഥാനം അലങ്കരിച്ചിരുന്നതുമായ ഒരു തരം നാടൻ പന്തുകളിയാണ് കാരകളി. കാരത്തല്ല്, കാരവെട്ട് മുതലായ പേരുകളും ഇതിനുണ്ട്. കല്ലൻ മുളയുടെ ഉണങ്ങിയ കൂമ്പ് ഉരച്ചുണ്ടാക്കുന്ന പന്തും, ഹോക്കിസ്റ്റിക്കിന്റെ മാതൃകയിലുള്ള മുളങ്കമ്പുമാണ് ഇതിനുപയോഗിക്കുക. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ കുട്ടികളും ചെറുപ്പക്കാരും എല്ലാം കാരകളിയിൽ പങ്കാളികളായിരുന്നു. ഉത്തര മലബാറിലാണ് ഇത് പ്രചാരത്തിലുണ്ടായിരുന്നത്.

കർഷകർക്കിടയിൽ പ്രചാരത്തിലിരുന്ന ആട്ടക്കളത്തിനും പലയിടങ്ങളിലും പ്രചാരം കൈവന്നിരുന്നു . നെൽക്കറ്റകൾ ശേഖരിക്കാനും മെതിക്കാനുമായി സജ്ജമാക്കിയിരുന്ന കളങ്ങളിലാണ് ഇവ ഏറെയും അരങ്ങേറിയിരുന്നത്. ഇരു ചേരികളായി തിരിഞ്ഞാണ് ഈ കലാരൂപം അവതരിപ്പിക്കുക.

**വട്ടക്കളി**

തിരുവാതിരക്കളിയോട് സാമ്യമുള്ള മറ്റൊരു വിനോദമാണ് വട്ടക്കളി . പത്തോ പന്ത്രണ്ടോ പേർ വൃത്താകൃതിയിൽ നിന്ന് കൈകൊട്ടുകയും താളംപിടിച്ച് പാട്ടുപാടി വട്ടത്തിൽ നടക്കുകയുമാണ് ഇതിന്റെ സ്വഭാവം. ഇടയ്ക്കിടക്ക് വൃത്തപരിധി വികസിക്കുകയും ചുരുങ്ങുകയും ചെയ്യും.

വള്ളംകളി

ഇന്നും പകിട്ട് കുറഞ്ഞിട്ടില്ലാത്ത ഓണക്കാല വിനോദമാണ് വള്ളംകളി. കോട്ടയം– ആലപ്പുഴ ജില്ലകളിലാണ് വള്ളംകളി മത്സരങ്ങൾ കൂടുതലായി അരങ്ങേറുന്നത്. പുന്നമടക്കായലിലെ നെഹ്റു ട്രോഫി വള്ളംകളി വിദേശ ടൂറിസ്റ്റുകളെപ്പോലും ആകർഷിക്കാറുണ്ടല്ലോ. തുഴയുടെ താളത്തിനനുസരിച്ച് വഞ്ചിപ്പാട്ടുകൾ പാടി ആവേശപൂർവം നടത്താറുള്ള വള്ളംകളി ഏറെ ജനപ്രീതിയാർജിച്ച വിനോദമാണ് .

ഇത്തരത്തിൽ കേരളീയ ഗ്രാമങ്ങളിൽ സാധാരണക്കാരുടെ കണ്ണും കരളും കുളിർപ്പിച്ചിരുന്ന ഓണക്കാല വിനോദങ്ങൾ അസംഖ്യമായിരുന്നു. ചില പ്രത്യേക പ്രദേശങ്ങളിലോ സമുദായങ്ങളിലോ ഒതുങ്ങി നിന്നിരുന്ന അവയിൽ പലതും കാലാന്തരത്തിൽ നാമാവശേഷമായിത്തീർന്നു. മാറിയ ജീവിത സാഹചര്യങ്ങളും, ദൃശ്യ മാധ്യമങ്ങളുടെ വ്യാപനവും അതിന് ആക്കംകൂട്ടി. ഒത്തുചേരാനും ഉള്ളുതുറക്കാനും യഥേഷ്ടം അവസരങ്ങൾ സമ്മാനിച്ചിരുന്ന ഓണം പോലുള്ള ആഘോഷങ്ങൾ നഗരവൽക്കരണത്തിന്റെയും, കമ്പോള സംസ്കാരത്തിന്റെയും സ്വാധീനങ്ങളിൽ മുങ്ങിപ്പോയിരിക്കുന്നു . അടച്ചിട്ട മുറികളിൽ ചാനലുകളോടൊപ്പം ഓണം ആഘോഷിക്കാൻ വെമ്പൽ കൊള്ളുന്ന മലയാളിയെ പൊയ്പ്പോയ കാലത്തെക്കുറിച്ചുള്ള ഇത്തരം വ്യാകുലതകളൊന്നും അലോസരപ്പെടുത്തുമെന്നു തോന്നുന്നില്ല.

**വര**



**ആര്യനന്ദ പി എച്ച്**

അനുഭവം

# സൗഹൃദത്തിന്റെ മുള്ളും പൂവും



അൽക അനീന എം. എസ്
( പ്ലസ് ടു ഹ്യുമാനിറ്റീസ്)

ഉപാധികളില്ലാത്ത സൗഹൃദത്തിന്റെ മധുരം നുകരാൻ ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? എന്തും തുറന്നു പറയാൻ , പ്രയാസങ്ങളിൽ ഒരു കൂടെപ്പിറപ്പിനെപ്പോലെ കൂടെ നിൽക്കാൻ ഒരു സുഹൃത്തുണ്ടാവുമ്പോഴാണ് ജീവിതം സന്തോഷപ്രദവും അർത്ഥപൂർണവുമാകുന്നത്. നല്ല സൗഹൃദ ബന്ധത്തിൽ ലിംഗഭേദങ്ങൾക്കോ, ജാതി–മത വ്യത്യാസങ്ങൾക്കോ സ്ഥാനമില്ല. ഇത്തിരി സമയം മാത്രമേ, സുഹൃത്തിനൊപ്പം ചെലവഴിക്കുന്നുള്ളൂ എങ്കിൽ പോലും , മറ്റൊരാളോട് തന്റെ ആത്മസുഹൃത്തിനെ കുറിച്ച് പറയാൻ ഒരുപാടുണ്ടാകും. പറഞ്ഞാൽ തീരാത്തത്രയും ഓർമ്മകളും , നമ്മൾ പോലുമറിയാതെ ആ സൗഹൃദം നിലനിന്ന ആ കാലം കൊണ്ട് ഉണ്ടായിട്ടുണ്ടാകും. കുറച്ചു കാലത്തേക്കാണെങ്കിൽ പോലും അതു നിലക്കുമ്പോൾ മാത്രമേ അതിന്റെ വില തിരിച്ചറിയുകയുള്ളൂ,നമ്മൾ എത്രത്തോളം സുഹൃത്തുക്കൾക്കൊപ്പം കഴിഞ്ഞ സമയം ആസ്വദിച്ചിരുന്നുവെന്നും, എത്രത്തോളം അവരെ ആശ്രയിച്ചിരുന്നുവെന്നും.!

സ്നേഹോഷ്മളമായ സൗഹൃദബന്ധം എന്റെ ജീവിതത്തിലും ഒരുപാടു മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്റെ കൂട്ടുകാരിൽ നിന്നും എനിക്കുണ്ടായ അനുഭവങ്ങളാണ് എന്നെ രൂപപ്പെടുത്തിയതുതന്നെ. ഒരുപാട് കൂട്ടുകാർ എനിക്കുണ്ട്. ഒരുപാട് പേർ എന്റെ ജീവിതത്തിലൂടെ കടന്നുപോയിട്ടുണ്ട്. ജീവിതമാകുന്ന യാത്രയിൽ ചിലരെനിക്ക് കുറേ നല്ല ഓർമ്മകളും നിമിഷങ്ങളും സമ്മാനിച്ചു, മറ്റു പലർ ഒരുപാടു കാര്യങ്ങൾ പഠിപ്പിച്ചു തന്നു.

2020 – ൽ ആരംഭിച്ച കോവിഡ് ദുരന്തം ഒരുപാട് ജീവൻ കൊണ്ടുപോയിക്കഴിഞ്ഞ കാലം! അന്നായിരുന്നു എന്റെയും കൂട്ടുകാരുടേയും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ ആരംഭം. ആ വൈറസ് ഒന്നു കെട്ടടങ്ങിയ ശേഷമാണ് ഞങ്ങളുടെ ഒമ്പതാം ക്ലാസ്സിലെ പഠനം തുടങ്ങുന്നത്. അതും ബാച്ചുകളാക്കി ഉച്ച വരെ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രം ! എല്ലാവരും മുഖം മാസ്ക് ഉപയോഗിച്ച് മറച്ചിരുന്നു. ആദ്യ കാലങ്ങളിൽ ആശുപത്രികളിലെ ഡോക്ടർമാരും നഴ്സുമാരും , ഓപറേഷൻ തിയേറ്ററിൽ കയറുമ്പോഴും മറ്റും ഉപയോഗിച്ചിരുന്ന ആ മാസ്കുകൾ, പെട്ടെന്ന് എല്ലാവരുടെയും ജീവിതത്തിന്റെ ഭാഗമായി. ആദ്യ ദിവസം എല്ലാവരും പേരും സ്ഥലവുമെല്ലാം പറഞ്ഞ് സ്വയം പരിചയപ്പെടുത്തിയിരുന്നുവെങ്കിലും എല്ലാർക്കും അങ്ങോട്ടുമിങ്ങോട്ടും പരസ്പരം മനസ്സിലാക്കാൻ വളരെ പ്രയാസമായിരുന്നു. അധ്യാപകരും അങ്ങനെത്തന്നെയായിരുന്നു.

ഒൻപതാം ക്ലാസിലെ വാർഷികപ്പരീക്ഷയ്ക്കു സമയമായപ്പോഴേക്കും ഞങ്ങൾ എല്ലാവർക്കും പരസ്പരം മുഖം കാണാൻ കഴിഞ്ഞു. പരീക്ഷ കഴിഞ്ഞപ്പോഴേക്കും എന്റെയും കൂട്ടുകാരിയുടെയും സൗഹൃദം ദൃഢമായി വന്നു. മധ്യവേനലവധി കഴിഞ്ഞതോടെ ഞങ്ങൾ വെവ്വേറെ ക്ലാസുകളിലായി, പഠിക്കേണ്ടിവരുമെന്ന വാർത്ത കേട്ടപ്പോൾ എല്ലാവർക്കും വിഷമമായി.

എന്നാൽ, സ്കൂൾ തുറന്ന സമയത്ത് ആ തീരുമാനം മാറ്റിയെന്ന സന്തോഷവാർത്തയാണ് ഞങ്ങൾക്ക് ലഭിച്ചത്. ഒരുപാട് കുട്ടികൾ പല സ്കൂളുകളിൽ നിന്നും മറ്റുമായി വന്നുചേർന്നു. വേറെ ചിലർ ട്രാൻസ്ഫർ വാങ്ങിച്ചും വന്നു. പിന്നീട് ഞങ്ങൾക്ക് ഓരോ ദിവസവും നേരിൽ കാണാനുള്ള താൽപര്യവും ഒരുമിച്ച് സമയം ചെലവഴിക്കാനും പഠിക്കാനുമുള്ള താൽപര്യവും കൂടി.
ഞങ്ങളുടെ അദ്ധ്യാപകരും അങ്ങനെ തന്നെയായിരുന്നു. ഞങ്ങളുടെ അധ്യാപകർ സ്നേഹപൂർവം ഉപദേശിക്കുകയോ വല്ലപ്പോഴും ദേഷ്യപ്പെടുകയോ ചെയ്യുമ്പോൾ അത് നിറഞ്ഞ മനസ്സോടെ ഏറ്റുവാങ്ങാനും ഞങ്ങൾക്കു പ്രയാസമുണ്ടായിരുന്നില്ല. ഉച്ചഭക്ഷണം കഴിക്കുന്ന സമയം ഏറെ പ്രിയപ്പെട്ടതാണ്. ഭക്ഷണം പങ്കുവയ്ക്കൽ അതിലേറെ മനോഹരമയ ഒരു ഓർമ്മയാണ്.അങ്ങനെ ആ വർഷവും ഞങ്ങൾ എല്ലാവരും ആ ഒരു ക്ലാസിൽ വളര സന്തോഷത്തോടെ കളിച്ചും, ചിരിച്ചും, പിണങ്ങിയും കടന്നു പോയി.

സൗഹൃദങ്ങൾ ഞാൻ അനുഭവിച്ചിടത്തോളം വളരെ മനോഹരമായിരുന്നു. സൗഹൃദമുള്ള കാലം, അത് വാക്കുകൾ കൊണ്ടോ, ചില നേരത്തെ സംഭാഷണം കൊണ്ടോ അവസാനിക്കുന്ന ഒന്നല്ല. ജീവിതത്തിൽ ഏറ്റവും മനോഹരമായി നാമോരോരുത്തരും കണക്കാക്കുന്ന വർണ്ണശബളമായ ദിനങ്ങൾ !
.സൗഹൃദം ഉള്ളിടത്തോളം കാലം അതാസ്വദിക്കുക, അതിലെ ചെറിയ പ്രശ്നങ്ങളും സൗന്ദര്യപ്പിണക്കങ്ങളും വലിയ കാര്യമാക്കി മാറ്റാതെ ഇണങ്ങിയും പിണങ്ങിയും ആ ബന്ധം നിലനിർത്തുക. സൗഹൃദം എന്ന ബ്രഹ്മാസ്ത്രം കൊണ്ട് ഏതൊരു പ്രതിസന്ധിയും തരണം ചെയ്യാൻ കഴിയും എന്നതാണ് യാഥാർത്ഥ്യം

കുടുംബബന്ധങ്ങൾ കഴിഞ്ഞാൽ, ഏറ്റവും മനോഹരമായ ബന്ധമാണ് സൗഹൃദം . ശ്രദ്ധിച്ചു മുന്നോട്ട് പോയില്ലെങ്കിൽ പട്ടത്തിന്റെ ചരടിന് സമാനമായ അതുല്യമായ ബന്ധം. !





# ഓണച്ചൊല്ലുകൾ

പഴഞ്ചൊല്ലുകൾ ഭാഷയുടെ അമൂല്യ സമ്പത്താണ്. പോയകാലങ്ങളിലെ സാധാരണ മനുഷ്യരുടെ സന്തോഷങ്ങളും, സങ്കടങ്ങളും, സങ്കൽപങ്ങളുമൊക്കെയാണ് അതിൽ പ്രതിഫലിച്ചു കാണുന്നത്. നൂറ്റാണ്ടുകളിലൂടെ രൂപപ്പെടുകയും സാർവത്രികമായ സ്വീകാര്യത കൈവരുകയും ചെയ്ത പഴമൊഴികളിൽ തെളിയുന്ന ജീവിതവീക്ഷണം ആലോചനയ്ക്കു വകനൽകുന്നതാണ്. മലയാളികളുടെ  ഏറ്റവും പഴക്കമുള്ള ആഘോഷമെന്ന നിലയിൽ ഓണവുമായി ബന്ധപ്പെട്ട നിരവധി ചൊല്ലുകളും അവയിൽ കടന്നുവരുന്നുണ്ട്. ഏറെ പ്രചാരം നേടിയ ചില ഓണച്ചൊല്ലുകൾ നോക്കൂ...

- അത്തം കറുത്താൽ ഓണം വെളുക്കും.
- ഓണത്തിനടയ്ക്കാണോ, പുട്ടുകച്ചവടം!
- ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ!
- ഓണം വരാനൊരു മൂലം വേണം
- ഓണമുണ്ട വയറേ , ചൂളംപാടിക്കിട!
- തിരുവോണം തിരു തകൃതി !
- കാണം വിറ്റും ഓണം ഉണ്ണണം
- തിരുവോണം തിരുതകൃതി
- ഓണത്തേക്കാൾ വലിയ മകമുണ്ടോ ?
- ഓണം പോലെയാണോ തിരുവാതിര ?

# നഷ്ടസ്വപ്നം

അലോണ ആന്റണി



മഴ തോർന്നു തെളിഞ്ഞുവരുന്ന ആകാശത്തേക്ക് അവൾ നോക്കി കാർമേഘങ്ങൾ മാറി സൂര്യൻ പുഞ്ചിരിക്കാൻ തുടങ്ങിയിരുന്നു. കുറെ ദിവസങ്ങൾക്കു മുമ്പ് കണ്ട സിനിമകൾ അവൾ ഓർത്തു. പലർക്കും അത് വെറുമൊരു രണ്ടര മണിക്കൂർ സിനിമ മാത്രമാണെങ്കിലും അവൾക്ക് അത് ജീവിതാനുഭവം തന്നെയായിരുന്നു.

പാതിരാത്രി വീട്ടിലേക്ക് ഇരച്ചെത്തിയ വെള്ളവും സംഹാരതാണ്ഡവമാടിയ മഴയും. ഒഴുക്കിൽപ്പെട്ട് കാണാതായ കുടുംബവും. ദുരിതാശ്വാസ ക്യാമ്പിൽ ഉറ്റവർക്കായുള്ള തിരച്ചിലും ഓരോ മഴയും അവളെ ഓർമിപ്പിച്ചു കൊണ്ടിരുന്നു. നനഞ്ഞ പാഠപുസ്തകങ്ങൾക്കൊപ്പം ഇല്ലാണ്ടായത് സ്വന്തം സ്വപ്നങ്ങൾ കൂടിയായിരുന്നു. തെളിഞ്ഞ മാനം നോക്കി എന്തിന് എന്നെ മാത്രം ഒറ്റയ്ക്കാക്കി എന്ന് ചോദ്യം അവൾ ചോദിക്കാൻ ആഞ്ഞപ്പോഴേക്കും മാനം വീണ്ടും ഇരുണ്ടുവരുന്നതായി അവൾക്ക് തോന്നി. മഴ ഇനി തനിക്കായി വരുന്നതാണോ എന്ന് അവൾ ഭയന്നു. മഴ പലർക്കും ആശ്വാസവും ആനന്ദവും ആണെങ്കിൽ അവൾക്ക് ഭയവും വിങ്ങലും മാത്രമാണ്..





## കരൾ പിളരും കാലം

ആടിത്തിമിർത്തു നീ പെയ്യുന്നു
നിന്നെ കാത്തിരുന്ന ഇരവുകളിൽ
പകലുകളിൽ നീ എത്തിയില്ല !
എല്ലാമെല്ലാം വാരിയെടുത്ത്
ഉരുളായി നീ.
കല്ലിൻമേൽ കല്ലു ശേഷിക്കാതെ
നിമിഷങ്ങൾക്കുള്ളിൽ
കനേഷുമാരികണക്കുകളിൽ–
നിന്ന പ്രത്യക്ഷരായവർ
ഒരു പാട്ടു സ്വപ്നങ്ങളും സങ്കടങ്ങളും !
ഇനിയാരോട് പറയാൻ......
താങ്ങാനാകാതെ,
ചുറ്റിലും
അപ്പോൾ, അറിയുന്നു ഞങ്ങൾ
എല്ലാമൊന്നിന്റെ തുടർച്ച തന്നെ !
“നീ അളന്നപോലെ നിനക്കും അളക്കും “
ഇത് പൊരുൾ

പ്രകാശ് വി ആർ



# അച്ഛൻ

**ആദിത്യ ജയചന്ദ്രൻ പാപ്പശ്ശേരി**
**പ്ലസ് ടു കൊമേഴ്സ്**

**ചി**ലരുടെ വേർപാടുകൾ, അത് ഏതു രീതിയിലാണെങ്കിലും നമ്മളെ വേട്ടയാടുകതന്നെ ചെയ്യും. ചിലപ്പോൾ കുറച്ചുനാൾ ; അല്ലെങ്കിൽ, വർഷങ്ങൾ .!

ചുവന്ന മഷിയിൽ ഇങ്ങനെ കുറിച്ച ശേഷം ഒരു ദീർഘനിശ്വാസത്തോടെ ആമി ഡയറി അടച്ചുവച്ചു. തുറന്നു കിടന്ന ജാലകത്തിലൂടെ ഇളംകാറ്റ് അരിച്ചെത്തിയപ്പോൾ അവൾ എഴുന്നേറ്റ് അതിനരികിലേക്കു നടന്നു.

പെട്ടെന്നു ദൃഷ്ടിയിൽ പെട്ടത്, തന്റെയും അച്ഛന്റെയും ഇഷ്ടസ്ഥലമായിരുന്ന മുറ്റത്തിന്റെ ഒരു കോണിലുള്ള ഊഞ്ഞാലാണ്. ഏതോ, ആത്മ പ്രേരണയാൽ അവൾ അതിനരികിലേക്ക് നടന്നു. ഊഞ്ഞാലിലിരിക്കുമ്പോൾപോലും അവൾ അറിഞ്ഞത് അച്ഛന്റെ സാമീപ്യ മായിരുന്നു . അവളുടെ ഓർമ്മകൾ എന്നോ, കൊഴിഞ്ഞുപോയ പ്രഭാതത്തിലെത്തി.

ചന്ദനത്തിരിയുടെ ഗന്ധം മാത്രം മണക്കുന്ന വീടിനുള്ളിൽ നിന്നും ആറു ദിവസങ്ങൾക്കുശേഷം അവൾ പുറത്തിറങ്ങിയതായിരുന്നു. പെട്ടെന്നാണ് ഗേറ്റിനു മുന്നിൽ നിന്നും ഒരു സൈക്കിൾബെല്ല് കേട്ടത്.

" ആമിക്കുഞ്ഞിന് ഒരു കത്തുണ്ട്... " പോസ്റ്റുമാൻ ബാലേട്ടനാണ്. നിശ്ശബ്ദതയെ കൂട്ടുപിടിച്ച് തനിക്കായി വന്ന കവർ അവൾ തുറന്നുനോക്കി. ആമി ഒരു ഭാവവ്യത്യാസവുമില്ലാതെ പറഞ്ഞു :
"
ബാലേട്ടാ, ജോലി കിട്ടി "

എന്തു പറയണമെന്നറിയാതെ, ഒന്നു പുഞ്ചിരിച്ചു കൊണ്ട്, അയാൾ ഒരു നിമിഷം നിന്നു ! പിന്നെ എന്തൊക്കെയോ ഓർത്തുകൊണ്ട് ആ നീളൻ പാതയിൽ അകന്നുപോയി .

ആ പുഞ്ചിരിയുടെ അർത്ഥം തന്റെ അച്ഛന്റെ സ്വപ്നമാണെന്നോർത്തപ്പോൾ ആമിയുടെ ഹൃദയം ശക്തമായ തിരമാലകൾ ഇരച്ചുവരുന്ന സമുദ്രം പോലെയായി.

അവളുടെ മനസ്സിൽ അച്ഛന്റെ വാക്കുകൾ അല്ലതല്ലി :
" മോള് വിഷമിക്കരുത്, മോള് കരഞ്ഞാ , അമ്മയും കരയും. അമ്മയ്ക്ക് താങ്ങായി മോള് വേണം. അച്ഛനുണ്ട് കൂടെ "


കണ്ണുകൾ ഇറക്കിയടച്ചുതുറന്ന് ഉമ്മറത്തേക്കു കയറിയപ്പോഴേക്കും അന്വേഷണവുമായി അമ്മയെത്തിയിരുന്നു. ഒന്നും പറയാതെ കത്ത് അമ്മയ്ക്കു നേരെ നീട്ടി.

ചുമരിൽ പുതിയ പ്ലാസ്റ്റിക് പൂവോട്ടുകൂടി തൂങ്ങിക്കിടക്കുന്ന, അച്ഛന്റെ ഫോട്ടോ ! വേദനയോടെ അതിലേക്കൊന്നു കണ്ണോടിച്ച ശേഷം ആമി തന്റെ മുറിയിലേക്കു നടന്നു.

വീണ്ടും ഡയറി എടുത്ത് എഴുതാനിരുന്നു. കണ്ണുനീരുകൊണ്ട് കാഴ്ച മങ്ങിയതുപോലെ തോന്നി. അവൾ പേന കൈയിൽ മുറുക്കിപ്പിടിച്ചു.

" ഈ ദിവസത്തെ ഞാൻ ഏറെ വെറുക്കുന്നു. എന്റെ പ്രതീക്ഷകളെ, ആഗ്രഹങ്ങളെ..... സ്വപ്നമാക്കിത്തന്ന്, കൂടെ കൈപിടിച്ചു സ്വപ്നത്തിലെത്താൻ വഴിയൊരുക്കിത്തന്ന എന്റെ അച്ഛൻ.. അച്ഛന്റെ സ്വപ്നമെല്ലാം തകർന്നു പോയില്ലേ...".

വീണ്ടും കണ്ണുകൾ ഇറുക്കി അടച്ചപ്പോൾ , അവളുടെ കാതുകളിൽ അച്ഛന്റെ ശബ്ദം മുഴങ്ങുന്നതു പോലെ ...



"ആമിക്കുട്ടാ, അച്ഛന് ഒരാഗ്രഹമുണ്ട്. അച്ഛന്റെ കുട്ടി അതു സാധിച്ചു തരുമെന്നു അച്ഛനറിയാം .
പറയട്ടേ, "

" അച്ഛൻ വേഗം പറയൂ, എന്നിട്ട് വേണം എനിക്ക് അത് ലക്ഷ്യമാക്കി അഹോരാത്രം പ്രവർത്തിക്കാൻ ".

വീറോടെയും , തികഞ്ഞ ആത്മാർഥതയോടെയും പറയുന്ന ആമിയെ അച്ഛനും അമ്മയും കൗതുകത്തോടെ നോക്കി നിന്നു .



അച്ഛന്റെ കുട്ടി പഠിച്ച് നല്ലൊരു ജോലി സമ്പാദിച്ച്, അച്ഛന് ഒരു മുണ്ടും ഷർട്ടും അമ്മയ്ക്ക് ഒരു സാരിയും കുട്ടിയുടെ കൈകൊണ്ട് വാങ്ങിത്തരണം. അതുകഴിഞ്ഞ് വേണം അച്ഛന് കണ്ണടക്കാൻ ! “

“അച്ഛനും അമ്മയ്ക്കും ഒന്നല്ല ഒരു നൂറ് മുണ്ടും ഷർട്ടും സാരിയും ഞാൻ വാങ്ങിത്തരും “

ആമീ,......
നീട്ടിയുള്ള വിളി കേട്ട് ആമി ഞെട്ടിയെഴുന്നേറ്റു.
അമ്മയാണ്.
“ മോളേ, നിനക്ക് ജോലി കിട്ടിയ കമ്പനിയിൽനിന്നും ഒരു ഫോൺ കോൾ ഉണ്ട്.
“

മൊബൈൽ ആമിക്കു നേരെ നീട്ടിക്കൊണ്ട് അമ്മ പറഞ്ഞു. ഫോണിലെ അരമണിക്കൂറോളമുള്ള സംഭാഷണത്തിനു ശേഷം അച്ഛന്റെയും , അമ്മയുടെയും സന്തോഷത്തിനുവേണ്ടി ജോലിയിൽ ജോയിൻ ചെയ്യാൻ അവൾ തീരുമാനമെടുത്തു . ജോയിൻ ചെയ്യുന്നതിന് തൊട്ടുമുമ്പുള്ള ദിവസം അവൾ ഡയറിയെടുത്ത് ഇങ്ങനെ കുറിച്ചു.
“നാളെ പുതിയൊരു ആരംഭമാണ്. ..
അച്ഛനില്ലാതെ ..! ”

മുഖത്തേക്ക് വീണ മഴത്തുള്ളിയുടെ കുളിരുതട്ടി ഊഞ്ഞാലിൽ നിന്നും ആമി പിടഞ്ഞെഴുന്നേറ്റു വേഗം ഉമ്മറത്തേക്ക് കയറിയിരുന്ന് ഡയറിയുടെ താളുകൾ അലക്ഷ്യമായി മറിച്ചു. ആരോടെന്നില്ലാതെ അവൾ പരിഭവപ്പെട്ടു .
“ ഒരു ആറു ദിവസം കൂടി കൊടുക്കാമായിരുന്നില്ലേ, എന്റെ അച്ഛന് ”
കോരിച്ചൊരിയുന്ന മഴയിൽ തന്റെ കണ്ണീരും അലിഞ്ഞു പോകുന്നതായി അവൾക്കു തോന്നി.

# ജോയ് പാലക്കാമൂലയുടെ രചനാലോകം



പ്രമുഖ കഥാകൃത്തും , ഡോക്യുമെന്ററി സംവിധാകനുമായ ജോയ് പാലക്കാമൂല മീനങ്ങാടി സ്വദേശിയാണ്. അടിച്ചമർത്തപ്പെട്ടവരും, പാർശ്വവത്കൃതരുമായ സാധാരണ മനുഷ്യരുടെയും, ഗോത്രസമൂഹങ്ങളുടെയും ഉള്ളുപൊള്ളിക്കുന്ന ജീവിതകഥകൾ അക്ഷരങ്ങളിലാവിഷ്കരിക്കാൻ ഈ കഥാകാരനുള്ള പാടവം ശ്രദ്ധേയമത്രേ. ഗ്രീക്ക് ഇതിഹാസത്തെ ഉപജീവിച്ചെഴുതിയ ഇയോ , കഴുതയും ഞാനും, എന്നീ നോവലുകളും, കറുപ്പൻ, ചെട്ട്യാലത്തൂർ, മുഖം നഷ്ടപ്പെട്ടവർ, കുളിയനടി, കുങ്കി എന്നീ കഥാ സമാഹാരങ്ങളും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ രചനകളാണ്.
മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പൂർവവിദ്യാർഥി കൂടിയായ ജോയ് പാലക്കാമൂല നിശാഗന്ധിക്കനുവദിച്ച അഭിമുഖത്തിൽ നിന്ന്:

? താങ്കൾ മീനങ്ങാടി ഗവ. ഹൈസ്കൂളിലെ പൂർവ വിദ്യാർഥിയാണല്ലോ. സ്കൂൾ ജീവിതകാലവുമായി ബന്ധപ്പെട്ട ഓർമകൾ പങ്കുവയ്ക്കാമോ

അഞ്ചാം ക്ലാസ് മുതൽ പത്താം തരം വരെയാണ് മീനങ്ങാടി സ്കൂളിലെ എന്റെ പഠനം. വീട്ടിൽ നിന്ന് മൂന്നര കിലോമീറ്റർ ദൂരത്തുള്ള സ്കൂളിലേയ്ക്ക് നടന്നാണ് വരുന്നതും പോകുന്നതും. ജീവിതത്തെ നേരിട്ടറിയാനും, പുതിയ സൗഹൃദങ്ങൾ തേടാനും അതൊരു നിമിത്തമായിരുന്നു എന്നു പറയാം. അക്കാലത്ത് മക്കളുടെ വിദ്യാഭ്യാസത്തേക്കാൾ, കൃഷിയിലായിരുന്നു കൂടുതൽ രക്ഷിതാക്കളും ശ്രദ്ധിച്ചിരുന്നത്. ജീവിത പ്രാരാബ്ധങ്ങൾ അവരെ അതിൽ എത്തിച്ചതാവാം. ഏറെയൊന്നും വിഭിന്നമായിരുന്നില്ല എന്റെ വിദ്യഭ്യാസവും. കാലിനോട്ടവും, മറ്റും പഠനം പോലെ ഉത്തരവാദപ്പെട്ടതായിരുന്നു.

പരിമിതമായ വസ്ത്രവും, ഭക്ഷണവും മാത്രമേ, ഭൂരിപക്ഷം കുട്ടികൾക്കും അന്ന് കിട്ടിയിരുന്നുള്ളൂ. മിക്കവർക്കും പഠനത്തിലും താൽപര്യം കുറവായിരുന്നു. ഞാനെഴുതിയ, 1982– ലെ എസ്. എസ്. എൽ. സി പരീക്ഷയിലെ മീനങ്ങാടി സ്കൂളിലെ വിജയം 17.5 ശതമാനം മാത്രമായിരുന്നു. ആ റിസൾട്ടിൽ അന്നത്തെ വിദ്യാഭ്യാസത്തിന്റെ ഗൗരവം വ്യക്തമാണല്ലോ!
ബാലരമ, ബാലഭൂമി, മംഗളം, മനോരമ, മാമാങ്കം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലെ വായനയാണ്, അക്കാലത്ത് ആകെയുള്ള വായനാ സൗഹൃദം.

? എഴുതിത്തുടങ്ങിയത് എപ്പോഴാണ്? ആദ്യം പ്രസിദ്ധീകരിച്ച സൃഷ്ടി

അലസമായ കോളേജ് വിദ്യഭ്യാസം കഴിഞ്ഞതിന് ശേഷമാണ്. വായന അൽപം ഗൗരവമായി തുടങ്ങിയത്. ഏതാനും വർഷം കഴിഞ്ഞ് സിനിമ വിതരണക്കമ്പനിയിലെ ജോലിയുടെ ഭാഗമായി കേരളത്തിൽ പലയിടത്തും സഞ്ചരിക്കാനിടയായി. വഴിയോരത്ത്
വിൽപ്പനയ്ക്ക് വച്ചിരുന്ന റഷ്യൻ പ്രസിദ്ധീകരണങ്ങളും മറ്റും വിലക്കുറവിൽ കിട്ടുന്നതിനുള്ള അവസരമായിരുന്നു അത്. ആ ജോലി അങ്ങനെ വായനക്കും, നാട്ടുകാണാനും ഉപകാരപ്രദമായി. അതെല്ലാം നിർത്തി തിരികെ വന്ന് പോളിടെക്നിക്കിലെ ആറു മാസത്തെ

സർവ്വേ കോഴ്സിന് പഠിക്കുമ്പോഴാണ് എഴുതാൻ പ്രേരണയുണ്ടായത്. പോളി ടെക്നിക് വാർഷികത്തിന് കവിത, കഥ, ഉപന്യാസ രചനകളിൽ വിജയിച്ചപ്പോൾ കുറച്ച് ആത്മവിശ്വാസം കിട്ടി.

അന്ന് പ്രചാരത്തിലിരുന്ന ലിറ്റിൽ മാസികകളിലാണ് ആദ്യകാല രചനകൾ അടിച്ചു വന്നത്. ആദ്യ രചന എതാണന്ന് ഇപ്പോൾ വ്യക്തമായി ഓർക്കുന്നില്ല.

പുസ്തകമായി തോന്നുന്നത്.

? ലഭിച്ച അംഗീകാരങ്ങളെക്കുറിച്ചു പറയാമോ

പുരസ്കാരങ്ങൾക്കായി ഇടയ്ക്ക് പുസ്തകങ്ങൾ അയക്കാറുണ്ടങ്കിലും. ഇതുവരെ അതിനർഹനാവാൻ കഴിഞ്ഞിട്ടില്ല.



?

ഇപ്പോൾ എത്ര പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്? സ്വന്തം രചനകളിൽ ഏറ്റവും സംതൃപ്തി നൽകിയ രചന ഏതാണ്

ഇപ്പോൾ പന്ത്രണ്ട് പുസ്തകങ്ങൾ പ്രസദ്ധീകരിച്ചിട്ടുണ്ട്. രണ്ട് ബാലസാഹിത്യ നോവലുകൾ, രണ്ട് നോവലുകൾ, അഞ്ച് കഥാസമാഹാരങ്ങൾ, ഒരു കവിതാസമാഹാരം, ഒരു ഓർമ്മക്കുറിപ്പ്.

'ഇയോ ' എന്ന നോവലാണ് ഇറങ്ങിയ പുസ്തകത്തിൽ ഏറ്റവും സംതൃപ്തി തന്ന

? ഏതാനും ഡോക്യുമെന്ററികൾ സംവിധാനം ചെയ്തിട്ടുണ്ടല്ലോ . അതിനെക്കുറിച്ച്?

നാലു ഡോക്യുമെന്ററികൾ, രണ്ട് ഷോർട്ട് ഫിലിമുകൾ, ഇരുപത്തഞ്ചിലധികം വീഡിയോ ആൽബങ്ങൾ എന്നിവ സംവിധാനം ചെയ്തിട്ടുണ്ട്. ഒപ്പം നൂറിലധികം ആൽബം സോംങ്ങുകൾ എഴുതുകയും അതിന്റെ ചിത്രീകരണത്തിലും മറ്റും പങ്കാളിയാവുകയും ചെയ്തിട്ടുണ്ട്. എഴുതിയ അഞ്ച് ദേശഭക്തിഗാനങ്ങളിൽ മിക്കതും യു ട്യൂബിൽ ലഭ്യമാണ്. ചിലതെല്ലാം ഇപ്പോഴും സ്കൂളുകളിൽ മൽസര വിഭാഗത്തിൽ എത്താറുണ്ട്.

കുശവസമുദായത്തിന്റെ ജീവിതത്തെ ആസ്പദമാക്കി ചെയ്ത 'കുലാലൻ' എന്ന ഡോക്യുമെന്ററി ഏറെ ശ്രദ്ധിക്കപ്പെടുകയും
നിരവധി വിദ്യാർത്ഥികൾ പഠനത്തിന് തിരഞ്ഞെടുക്കുകയും ചെയ്തു. വയനാടൻ കാവുകൾ, ചെറുവയൽ രാമൻ തുടിങ്ങിയവയും ശ്രദ്ധ നേടി.

? ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന കൃതി, പ്രമേയം എന്നിവ വിശദീകരിക്കാമോ?



പട്ടാമ്പിയിലെ ലോഗോസ് ബുക്സ് പ്രസദ്ധീകരിക്കന്ന 'വേനൽ കുസൃതികൾ ' ആണ് അടുത്ത പുസ്തകം. അതൊരു ബാലസാഹിത്യ സമാഹാരമാണ്. അതിലെയും ആദ്യരചന ചെറിയ കുട്ടികൾക്കായുള്ള ', ഞാൻ പിറന്ന മണ്ണ് ' എന്ന ദേശഭക്തിഗാനമാണ്.

'ഒറ്റമൊലച്ചി' എന്ന പേരിൽ ഒരു നോവലാണ് ഇപ്പോൾ എഴുതി ക്കൊണ്ടിരിക്കുന്നത്. പതിനഞ്ചാം നൂറ്റാണ്ടു മുതൽ വയനാടൻ കാടുകളെ വിറപ്പിച്ച ഒറ്റമൊലച്ചിയെ, തേവലശ്ശേരി നമ്പി ആവഹിച്ചുകൊണ്ടു പോയ
മിത്താണ് പ്രമേയത്തിന്റെ അടിസ്ഥാനം. ചരിത്രത്തിലൂടെ പിറകോട്ടു സഞ്ചരിക്കുന്ന നോവലിന് ഭ്രമാത്മകമായ ഒരു ആഖ്യാനശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. ഈ സ്വതന്ത്ര ആഖ്യാനവും ഞാൻ വളരെ പ്രതീക്ഷയോടെ നോക്കിക്കാണുന്നു

മിനിക്കഥ

# പ്രാവുകൾ പറഞ്ഞത്

"ഹാവൂ..,,ഇപ്രാവശ്യവും നമ്മൾ വേട്ടക്കാരന്റെ തോക്കിൽ നിന്ന് രക്ഷപ്പെട്ടു... ഭാഗ്യം."
കൊമ്പിലിരുന്ന് ആൺകിളി പറഞ്ഞു.
"മനുഷ്യർ തോക്ക് കണ്ടു പിടിച്ചില്ലങ്കിൽ നമ്മുടെ ലോകം എത്ര സുന്ദരമായേനേ!"
പെൺകിളി വേദനയോടെ മൊഴിഞ്ഞു. "
" മനുഷ്യർ കണ്ടു പിടിച്ച ആയുധങ്ങളും, അവന്റെ അഹങ്കാരവും. ഈ ലോകത്തിന്റെ സമാധാനത്തെയാണ് നശിപ്പിക്കുന്നത് ".
ആൺകിളി ചുണ്ടുകൾ ചേർത്തു .

ജോയ് പാലക്കമൂല





ഹിദ ജബിൻ

## ഭൂമിയുടെ അവകാശികൾ

ഭാഷയിലും ശൈലിയിലും എഴുത്തിന്റെ പുതിയ രൂപം സൃഷ്ടിച്ച എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ.ബേപ്പൂർ സുൽത്താൻ എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ ചെറുകഥയാണ് ഭൂമിയുടെ അവകാശികൾ.

എല്ലാ ജീവികൾക്കും ഈ ഭൂമിയിൽ ഒരേ അവകാശമാണെന്ന് കഥയിലൂടെ ബഷീർ വിളിച്ചോതുന്നു.സർവ്വചരാചരങ്ങളോടുമുള്ള വാത്സല്യം തുളുമ്പിനിൽക്കുന്ന ഈ കൃതി ഭൂമിയെ സ്വന്തമായി കാണുന്ന പുതുതലമുറയ്ക്ക് വളരെ ശക്തമായ സന്ദേശം നൽകുന്നു.വികസനത്തിന് വേണ്ടി പരിസ്ഥിതിയെയും ആവാസവ്യവസ്ഥകളെയും നശിപ്പിക്കുന്നവർക്കുള്ള മുന്നറിയിപ്പു കൂടിയാണ് ഈ നോവൽ. പ്രകൃതിയെയും, സസ്യമൃഗാദികളെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് കഥാകൃത്ത് പറയുന്നത്.

രണ്ട് ഏക്കർ തെങ്ങിൻ തോപ്പിന്റെയും ഒരു വീടിന്റെയും ഉടമസ്ഥതയിലൂടെ തനിക്ക് മാത്രമാണ് ആ സ്ഥലത്തിന്റെയും അവിടെയുള്ള എല്ലാത്തിന്റെയും അവകാശമെന്ന് പരിപൂർണ്ണമായി അഹങ്കരിച്ച്, മുള്ളുവേലിയും ഇരുമ്പ് ഗേറ്റും സ്ഥാപിച്ച് വളർത്തുനായയുടെ സഹായത്തോടെ, എല്ലാം ഭദ്രമായെന്ന് കരുതുന്ന വീട്ടുകാർ, നമ്മുടെ സ്വാർത്ഥതയുടെ മാണ്. അവർ സന്തോഷത്തോടെ തേങ്ങാ വിൽപ്പനയിൽ ലഭിക്കുന്ന സാമ്പത്തിക വരുമാനം കൊണ്ട് ജീവിച്ചുവരുമ്പോൾ മുദ്രപത്രങ്ങളിൽ ഒപ്പുവയ്ക്കാതെയും മുള്ളുവേലികളെ മാനിക്കാതെയും ഇത് ഞങ്ങളുടേതാണെന്ന അധികാരത്തോടെ ഒരു കൂട്ടർ കടന്നു വരുന്നതായി കഥയുടെ ആരംഭത്തിൽ കഥാകൃത്ത് പറയുന്നു. ക്ഷണിക്കാതെ വരുന്ന അതിഥികളാണ് ചിത്രശഭങ്ങളും, വവ്വാലുകളും,എലികളും,കരിന്തേളുകളും,ചിതലുകളുമൊക്കെ !

മനുഷ്യനാണ് ഭൂമിയുടെ യഥാർത്ഥ അവകാശികളെന്ന തെറ്റിദ്ധാരണയെ ഇവിടെ ബഷീർ ചോദ്യം ചെയ്യുന്നു!

സർവ്വജീവജാലങ്ങളും ഭൂമിയുടെ അവകാശികൾ തന്നെയാണ് എന്ന വലിയ ആശയം വായനക്കാരുടെ മനസ്സുകളിൽ ഇടം പിടിക്കുന്ന തരത്തിൽ ആവിഷ്കരിക്കുന്ന

ബഷീർ എന്നും മലയാളികളുടെ മനസ്സിൽ മായാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്. സർവ്വ ജീവികളോടുമുള്ള അടങ്ങാത്ത സ്നേഹവും വാത്സല്യവും ആദരവും കഥയിലു ടനീളം കാണാൻ സാധിക്കും. മലയാള സാഹിത്യലോകത്ത് എന്നും നിറസാന്നിധ്യമായി നിലകൊള്ളാൻ ബഷീർ എന്ന സാഹിത്യകാരനെ പ്രാപ്തനാക്കിയത് ഭൂമിയുടെ അവകാശികൾ പോലുള്ള രചനകളാണ്.



കഥ




ഫാത്തിമ ഫാദിയ
( പ്ലസ് ടു ഹ്യുമാനിറ്റീസ് )



# നെരിപ്പോട്

വര





ഐശ്വര്യ എം. ബി

അതിരാവിലെ കോഴി കൂവും മുമ്പെ, പിടഞ്ഞെഴുന്നേറ്റതാണ്. മാറ്റങ്ങളില്ലാതെ, ഒരേ മട്ടിൽ ആവർത്തിച്ചു കൊണ്ടേയിരിക്കുന്ന മറ്റൊരു ദിവസത്തിലേക്ക് ...

. ഓരോ ദിനവും തള്ളി നീക്കാൻ നിരന്തരം പടവെട്ടുന്ന അവൾക്ക് അച്ചാർ കമ്പനിയിലേക്കു പോകാൻ സമയമായിരിക്കുന്നു . പോയ രണ്ടുമൂന്നു മണിക്കൂറുകൾക്കിടയിൽ ചെയ്തു കൂട്ടിയതിനൊന്നും എവിടെയും കണക്കുകളുണ്ടാവാറില്ല. ആരും അതി നെക്കുറിച്ചന്വേഷിക്കാറുമില്ല. എന്നും ധരിക്കാറുള്ള , അച്ചാറിന്റെ മുഷിഞ്ഞ ഗാന്ധമുള്ള കോട്ടുകളെക്കാൾ അവളുടെ നരകജന്മത്തിലെ കഷ്ടതകൾ തൊട്ടറിഞ്ഞ മറ്റൊന്നില്ല, എന്നവൾക്കറിയാം.

ജോലിസ്ഥലത്തെ അടുപ്പിൽ നിന്ന് ഉയരുന്ന , കറുത്ത പുക കണ്ണുകളിൽ ഇരുട്ടു പടർത്തുമ്പോഴും, വല്ലപ്പോഴും കിട്ടുന്ന ചെറിയ ഇടവേളകളിൽ രാധയും ജാനുവും തമാശകൾപറഞ്ഞു പൊട്ടിച്ചിരിക്കുമ്പോഴും , അവളുടെ ചിന്തകൾ തന്റെ ചെറിയ വീടിനെക്കുറിച്ചാവും. അനക്കമറ്റ ശരീരവുമായി ഇമകൾ മാത്രം ചിമ്മി തുറക്കുന്ന അമ്മ..,
വീൽച്ചെയറിൽ ജീവിതം തള്ളി നീക്കുമ്പോളും തന്റെ യാതനകളെ ഒന്നുറക്കെ പറഞ്ഞുകരയാൻ പോലും കഴിയാത്ത അച്ഛൻ... തന്നിൽ മാത്രം പ്രതീക്ഷയർപ്പിച്ച് പഠനം തുടരുന്ന രണ്ട് അനിയത്തിമാർ !
ഈശ്വരാ, എന്തൊക്കെ പരീക്ഷണങ്ങൾക്കിടയിലാണ് താൻ !



പുറത്ത് മഴ കനക്കുന്നുണ്ട്. മേൽക്കൂര മേഞ്ഞ ഷീറ്റിന്റെ വിടവുകളിലൂടെ കിനിഞ്ഞിറങ്ങുന്ന വെള്ളത്തുള്ളികൾ അമ്മയുടെ ദേഹത്ത് പതിക്കുന്നു. അസ്വസ്ഥതകൾ ഒരു ഞരക്കമായി പുറത്തേക്കെത്തിയപ്പോൾ അമ്മയെ ഒരു വിധം തിരിച്ചു കിടത്തി.

മഴയുടെ ശക്തി അവളുടെ നോവുകളിലേക്ക് തുളച്ചു കയറുന്ന കൂർത്ത മുള്ളുകളായിത്തോന്നി. അതിനെ വകവയ്ക്കാതെ അവളിറങ്ങുമ്പോഴും , 'മോളേ, ശ്രദ്ധിച്ചു പോകണേ ' എന്ന അച്ഛന്റെ ഉപദേശം കേട്ട് ഒന്നു പുഞ്ചിരിച്ചെന്നു വരുത്തി അവൾ നടന്നു.
.

ജോലിത്തിരക്കുകൾക്കിടയിലും ചോരുന്ന വീടും നാല് ജീവിതങ്ങളും അവളെ നൊമ്പരപ്പെടുത്തിക്കൊണ്ടേയിരുന്നു.! സമയം പത്തു മണിയാകുന്നതേയുള്ളൂ... എന്തൊക്കെയോ, ചിന്തകളിലാണ്ടുപോയ അവൾ, ആരോ തന്നെ വിളിക്കുന്നതുകേട്ട് ഉറക്കത്തിൽ നിന്നെന്നപോലെ ഞെട്ടിയുണർന്നു.

മഴ ഇപ്പോഴും തിമർത്തു പെയ്യുന്നുണ്ട്. ചുറ്റും കൂടി നിൽക്കുന്നവരുടെ മുഖങ്ങളിലെ ഭാവമാറ്റം അവൾ ശ്രദ്ധിച്ചു. അവർ ശരീരത്തോട് ചേർത്ത അച്ചാർഗന്ധമുള്ള കോട്ടുകൾ അഴിച്ചു മാറ്റുന്നു.
"നമുക്ക് വീട്ടിലേക്ക് പോകാം. അമ്മയ്ക്ക് സുഖമില്ലെന്ന് ഫോൺ വന്നിട്ടുണ്ട്. "
അതു കേട്ട് വിഷമവും സങ്കടവും സഹിക്കാനാവാതെ അവൾ പുറത്തിറങ്ങി , മഴയിലൂടെ ഓടാൻ തുടങ്ങി. പുറകിലെല്ലാവരും ഓടി

അടുത്തപ്പോൾ ആ കുഞ്ഞു വീടും തന്നെ കാത്തിരിക്കാറുള്ള മുഖങ്ങളും അപ്രത്യക്ഷമായതു പോലെ!

ദാരിദ്ര്യത്തിന്റെ തീരാക്കയങ്ങളിൽ പെട്ട് ജീവിതത്തോടു മല്ലടിക്കുന്ന അവൾക്ക് പറയുവാനുള്ള കാരണങ്ങൾ നന്നേ തീർന്നുപോയിരിക്കുന്നു.
ഒന്ന് കരയാൻ പോലുമാവാതെ, പ്രതിമ കണക്കെ വീടിന്റെ മുറ്റത്ത് ഒരു നിമിഷം അവൾ നിന്നുപോയി ! അപ്പോഴും, യാതൊരു ദയയുമില്ലാതെ, മഴ ആർത്തലച്ചു പെയ്തു കൊണ്ടിരുന്നു. ദിവസവും സന്ധ്യാ നേരത്ത് തിരികെയെത്തുമ്പോൾ തന്റെ അനക്കം പ്രതീക്ഷിച്ചിരിക്കാറുള്ള രണ്ടു കണ്ണുകൾ കൂടി നിശ്ചലമായിരിക്കുന്നു!



## ടോട്ടോ–ച്ചാൻ



**അനുശ്രീ ആർ.എസ്**
പ്ലസ് ടു ഹ്യുമാനിറ്റീസ്

ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിനു കുട്ടികളെയും, മുതിർന്നവരെയും ഒരുപോലെ സ്വാധീനിച്ച പുസ്തകമാണ് 'ടോട്ടോ–ചാൻ : ജനാലയ്ക്കരികിലെ വികൃതിക്കുട്ടി. ജാപ്പനീസ് എഴുത്തുകാരൻ ടെത്സുക്കോ കുറോയാനഗി തന്റെ ഓർമ്മക്കുറിപ്പുകളുടെ രൂപത്തിൽ ആവിഷ്കരിച്ച ഹൃദയസ്പർശിയായ പുസ്തകമാണത്.

രണ്ടാം ലോകമഹായുദ്ധകാലത്ത് ടോക്കിയോയിലെ ഒരു പാരമ്പര്യേതര സ്കൂളായ ടോമോ ഗകുവെനിലെ തന്റെ അനുഭവങ്ങളാണ് അദ്ദേഹം വിവരിക്കുന്നത്. എന്നാൽ,
വായനക്കാർ ടോട്ടോചാനെ സ്വീകരിച്ചത് ഒരു അനുഭവകഥ എന്ന നിലക്കായിരുന്നില്ല, മറിച്ച് നവീനവും വിപ്ലവാത്മകമായ കാഴ്ചപ്പാടുകൾ സമ്മാനിക്കുന്ന ഒരു വിദ്യാഭ്യാസ പുസ്തകം എന്ന നിലക്കായിരുന്നു.
ടോട്ടോ–ചാൻ എന്ന കുട്ടിയുടെ ചടുലവും, കൗതുകകരവുമായ
പെരുമാറ്റംമൂലം അവളെ ആദ്യ സ്കൂളിൽ നിന്ന് പുറത്താക്കപ്പെടുന്ന കഥയാണ് പുസ്തകം പറഞ്ഞുതുടങ്ങുന്നത്.

തുടർന്ന്, അമ്മയവളെ കൊബയാഷി മാസ്റ്റർ നടത്തുന്ന ടോമോ ഗകുവെൻ എന്ന സ്കൂളിലേക്ക് കൊണ്ടുപോകുന്നു. വിദ്യാഭ്യാസത്തോടുള്ള പുലർത്തുന്ന സമീപനത്തിലാണ് ഈ വിദ്യാലയത്തിന്റെ അന്തരീക്ഷം സവിശേഷമാകുന്നത്.

കുട്ടികൾക്ക് അവരുടെ താൽപ്പര്യങ്ങൾ തിരിച്ചറിയാനും , ഓരോരുത്തരുടെയും കഴിവിനനുസരിച്ച പഠിച്ച മുന്നേറാനുമുള്ള സ്വാതന്ത്ര്യം അവിടെ അനുവദിക്കപ്പെട്ടിരുന്നു. ക്ലാസുകൾ നടക്കുന്നത്, പരമ്പരാഗത മട്ടിലുള്ള കെട്ടിടങ്ങളില്ല; പഴയ ട്രെയിൻ കാറുകളിലാണ്. കൂടാതെ സർഗ്ഗാത്മകത, പ്രകൃതി, വ്യക്തിത്വം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട് വിദ്യാർത്ഥികൾക്ക് താൽപ്പര്യമുള്ള വിഷയങ്ങൾ പഠിക്കാൻ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. അഥവാ,പഠന പ്രക്രിയതന്നെ കുട്ടികളിൽ താല്പര്യമുളവാക്കുന്ന വിധം പരിവർത്തിപ്പിക്കുക്കുകയാണവിടെ.

ടോമോയിലെ സമയത്തിലൂടെ, ടോട്ടോ–ചാൻ വിലപ്പെട്ട ജീവിത പാഠങ്ങൾ പഠിക്കുകയും അവളുടെ കഴിവുകൾ തിരിച്ചറിയുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഹെഡ്മാസ്റ്ററുമായി ആഴത്തിലുള്ള ബന്ധം വളർത്തിയെടുക്കുന്നു. ബദൽ വിദ്യാഭ്യാസത്തിന്റെ ശക്തി തിരിച്ചറിയുകയും, കുട്ടികളോട് തികഞ്ഞ സ്നേഹവും അനുകമ്പയും പുലർത്തുകയും ചെയ്യുന്ന ഒരു അധ്യാപകന് അവരുടെ ജീവിതത്തിൽ ചെലുത്താൻ കഴിയുന്ന സ്വാധീനത്തിന്റെയും ആഘോഷമാണ് ഈ പുസ്തകം.

"ടോട്ടോ–ചാൻ: ദി ലിറ്റിൽ ഗേൾ അറ്റ് ദി വിൻഡോ" ചരിത്രത്തിലെ പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ, ഓരോ കുട്ടിയുടെയും അതുല്യമായ കഴിവുകൾ മനസ്സിലാക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലാണ്.ടോട്ടോചാൻ എന്ന വികൃതിയായ പെൺകുട്ടിയുടെ അനുഭവങ്ങളിലൂടെ നമുക്ക് വിദ്യാഭ്യാസത്തിന്റെ പുതിയ മാനങ്ങൾ ഈ കൃതി കാട്ടിത്തരുന്നു.





# പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ
പാറിക്കളിക്കുന്ന പൂമ്പാറ്റേ
പൂമ്പാറ്റേ പൂമ്പാറ്റേ
തേൻ കുടിക്കുന്ന പൂമ്പാറ്റേ
നീ എന്റെ കൂടെ
കളിക്കാൻ വരാമോ
നീ എൻറെ കൂടെ
കളിക്കാൻ വന്നാൽ
ഞാൻ നിനക്ക് ഒരു
സമ്മാനം തരാല്ലോ
പൂമ്പാറ്റേ പൂമ്പാറ്റേ
കൂടെ കളിക്കാൻ വാ
നീ പാട്ടും പാടാൻ വാ

**ദേവാംഗി ഡി കെ**



# വാർത്താജാലകം

## ലഹരി വിരുദ്ധ ജാഗ്രതാ ജ്യോതി തെളിയിച്ചു

മീനങ്ങാടി: ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധാ ജാഗ്രതാ ജ്യോതി തെളിയിച്ചു. ബോധവത് കരണ പരിപാടിയുടെ ഭാഗമായി റാലിയും വിവിധ കേന്ദ്രങ്ങളിൽ ഫ്ലാഷ് മോബും നടത്തി.

പ്രിൻസിപ്പാൾ ഷിവി കൃഷ്ണൻ ഉദ്ഘാടനം ചെയ്തു ഡോ. ബാവ കെ.പാലുകുന്ന് മുഖ്യപ്രഭാഷണം നടത്തി. പി.ടി.എ പ്രസിഡണ്ട് എസ്.ഹാജിസ് അധ്യക്ഷത വഹിച്ചു. എൻ. എസ്. എസ് പ്രോഗ്രാം ഓഫീസർ പി.ടി. ജോസ്, സ്കൂൾ ചെയർപേഴ്സൺ ഗ്രീഷ്മ ദിലീപ് ,ടി.വി ജോണി, എം.ജെ. ജിബ, ദേവേന്ദു സന്തോഷ് എന്നിവർ പ്രസംഗിച്ചു






## ലിറ്റിൽ കൈറ്റ്സ് പുരസ്കാരം മീനങ്ങാടിക്ക്

വയനാട് ജില്ലയിലെ മികച്ച രണ്ടാമത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള പുരസ്കാരം മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിനു ലഭിച്ചു. തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻ കുട്ടി പുരസ്കാരം സമ്മാനിച്ചു. പ്രിൻസിപ്പാൾ ഷിവി കൃഷ്ണൻ, പ്രധാനാധ്യാപിക പി.ഒ സുമിത , കൈറ്റ് മാസ്റ്റർ സി മനോജ് എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.
ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലെ മുൻനിർത്തിയാണ് പുരസ്കാരം.

## എസ്.പി.സി ത്രിദിന ഓണം ക്യാമ്പ് നടത്തി





മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എസ്.പി.സി യൂണിറ്റിന്റെ ത്രിദിന അവധിക്കാല ക്യാമ്പ് ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ സിന്ധു ശ്രീധരൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് എസ്. ഹാജിസ് അധ്യക്ഷത വഹിച്ചു. മീനങ്ങാടി ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ പി.വി വേണുഗോപാൽ, ടി.പി ഷിജു, പ്രിൻസിപ്പാൾ ഷിവി കൃഷ്ണൻ, പ്രധാനാധ്യാപിക പി.ഒ സുമിത , ടി.വി കുര്യാക്കോസ്, റജീന ബക്കർ, കെ.വി അഗസ്റ്റിൻ, എം.കെ അനുമോൾ എന്നിവർ പ്രസംഗിച്ചു.
മീനങ്ങാടി എസ്.ഐ ബി. വി അബ്ദുറഹിമാൻ പതാക ഉയർത്തി. കേരള പോലീസ് ഫാമിലി കൗൺസലർ എം.ആർ സംഗീത, ഡോ. ബാവ കെ. പാലുകുന്ന്,സജിൻ ജോസ്, ഒ.ടി സുധീർ എന്നിവർ വിവിധ സെഷനുകളിൽ ക്ലാസ്സെടുത്തു.ക്യാമ്പിന്റെ ഭാഗമായി കേഡറ്റുകൾ വാഴവറ്റ ജ്യോതി നിവാസ് സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിച്ചു.

## പ്രചോദന പാഠങ്ങൾ പകർന്ന് വിജയാരവം

മീനങ്ങാടി : എസ്.എസ്.എൽ.സി– ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ച വിദ്യാർഥികളെ അനുമോദിക്കുന്നതിനായി മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച വിജയാരവം – '24 വിദ്യാർത്ഥികൾക്ക് പ്രചോദനത്തിന്റെ പുതുപാഠങ്ങൾ പകർന്നു നൽകിയ വേദിയായി മാറി. ചടങ്ങിൽ അതിഥികളായെത്തിയ അസിസ്റ്റന്റ് കലക്ടർ ഗൗതം രാജ് ഐ.എ.എസ്, സ്കൂളിലെ പൂർവ വിദ്യാർത്ഥിയും ഈ വർഷത്തെ സിവിൽ സർവീസ് റാങ്ക് ജേതാവുമായ അശ്വതി ശിവറാം എന്നിവർ കുട്ടികൾക്കു മുമ്പിൽ തങ്ങളുടെ അനുഭവങ്ങൾ വിവരിച്ചു. മലയാളം മീഡിയത്തിൽ പൊതുവിദ്യാലയത്തിൽ പഠിച്ച തനിക്ക് അവിടെ നിന്നും ലഭിച്ച അനുഭവങ്ങൾ സിവിൽസർവീസിലേക്കുള്ള വഴിയിൽ ഏറെ സഹായകമായതായി അശ്വതി ശിവറാം പറഞ്ഞു.



മീനങ്ങാടി ഹയർ സെക്കണ്ടറിയിലെ 2010–2012 കാലയളവിലെ സയൻസ് ബാച്ച് വിദ്യാർത്ഥിനിയായിരുന്ന തന്റെ വിജയത്തിൽ സ്കൂളിന്റെ പങ്ക് അഭിമാനത്തോടെ സ്മരിക്കുന്നതായി അവർ കൂട്ടിച്ചേർത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് എസ്. ഹാജിസ്, ജില്ലാ പഞ്ചായത്ത് അംഗം സിന്ധു ശ്രീധരൻ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ പി.വി വേണുഗോപാൽ, ടി. പി ഷിജു, പ്രിൻസിപ്പാൾ ഷിവി കൃഷ്ണൻ, പ്രധാനാധ്യാപിക പി.ഒ സുമിത , വൈത്തിരി ഉപജില്ലാവിദ്യാഭ്യാസർ ഓഫീസർ ജോയ് വി.സ്കറിയ, അഡ്വ. സി.വി ജോർജ്ജ്, ഡോ. ബാവ കെ.പാലുകുന്ന്, ടി.വി കുര്യാക്കോസ്, കെ. അനിൽ കുമാർ , അനുപമ കെ. ജോസഫ് , കൃഷ്ണ നന്ദ എന്നിവർ പ്രസംഗിച്ചു.

## എഴുത്തിന്റെ ബാലപാഠങ്ങളുമായി എഴുത്തുകളരി

സർഗാത്മക രചനകളിൽ തൽപരരായ വിദ്യാർത്ഥികൾക്കായി മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ എഴുത്തുകളരി – രചനാശില്പശാല സംഘടിപ്പിച്ചു. ജന്മസിദ്ധമായ സർഗവാസനകൾ നിരന്തരമായ പരിശ്രമത്തിലൂടെയും, വായനയിലൂടെയും പോഷിപ്പിക്കുന്നവർക്ക മാത്രമേ, മികച്ച എഴുത്തുകാരായി വളരാനാവൂ എന്ന് ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിച്ച പ്രിൻസിപ്പാൾ ഷിവികൃഷ്ണൻ ഓർമിപ്പിച്ചു.പ്രധാനാധ്യാപിക പി.ഒ സുമിത അധ്യക്ഷത വഹിച്ചു. വയനാട്ടിലെ പ്രമുഖ എഴുത്തുകാരായ പ്രീത ജെ. പ്രിയദർശിനി , ജോയ് പാലക്കാമൂല , ഡോ. ബാവ കെ പാലുകുന്ന് എന്നിവർ വിവിധ സെഷനുകളിൽ ക്ലാസ്സെടുത്തു.യു.പി . ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 72 വിദ്യാർത്ഥികൾ പങ്കെടുത്തു.



ജോയ് പാലക്കാമൂല രചിച്ച ' കറുപ്പൻ ' എന്ന കഥാസമാഹാരം ഡോ. ബാവ കെ. പാലുകുന്ന് ചടങ്ങിൽ വച്ച് പ്രകാശനം ചെയ്തു. സി.കെ. പ്രതിഭ പുസ്തകം ഏറ്റുവാങ്ങി. കെ. അനിൽ കുമാർ, ടെൽമ സെബാസ്റ്റ്യൻ, കെ. സുനിൽ കുമാർ, ഹിഷാം മുഹമ്മദ് , പി.കെ സരിത എന്നിവർ പ്രസംഗിച്ചു.

## സീഡ് ക്ലബ്ബ് ഉദ്ഘാടനം

മീനങ്ങാടി ഹയർ സെക്കൻഡറി സ്കൂൾ സീഡ് ക്ലബ് ഉദ്ഘാടനം ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അസൈനാർ സി ഫലവൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പോഷക സമൃദ്ധവുംവിഷരഹിതവുമായപച്ചക്കറി വീടുകളിൽ നിന്നും തുടങ്ങാം എന്ന പദ്ധതി വയനാട് ജില്ലാ പഞ്ചായത്ത് അംഗം സിസ്ഡു ശ്രീധരൻ വിദ്യാർത്ഥികൾക്ക് വിത്തുകൾ നൽകിക്കൊണ്ട് നിർവഹിച്ചു. സ്കൂൾ പിടിഎ പ്രസിഡൻറ് ഹാജിസ് അധ്യക്ഷത വഹിച്ചു .സ്കൂൾ പ്രിൻസിപ്പൽ ഷിവികൃഷ്ണൻ സ്വാഗതം പറഞ്ഞു. സ്കൂൾ പ്രധാന അധ്യാപിക സുമിത പി ഒ ,സീഡ് കോഡിനേറ്റർ പ്രമീള എൻ സ്വാഗതവും വിദ്യാർത്ഥി കോഡിനേറ്റർ ശ്രാവണ എം എസ് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു



## ശ്രദ്ധ പദ്ധതി ഉദ്ഘാടനം

8,9 ക്ലാസുകളിലെ പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ശ്രദ്ധ പദ്ധതിയുടെ ഉദ്ഘാടന കർമ്മം 01/07/2024 ന് ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ



മെമ്പർ സിസ്ഡു ശ്രീധരൻ ഉദ്ഘാടനം ചെയ്തു. PTA പ്രസിഡണ്ട് ഹാജിസ് എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ ഷിവി കൃഷ്ണൻ സ്വാഗതം പറഞ്ഞു. ഹെഡ്മിസ്ട്രസ് സുമിത പി ഒ,സ്റ്റാഫ് സെക്രട്ടറി ടി വി കുര്യാക്കോസ്, SRG കൺവീനർ അനിൽകുമാർ കെ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ചടങ്ങിൽ കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു. തുടർന്ന് ശ്രദ്ധ കോഡിനേറ്റർ ഉമ്മു സൽമത്ത് പി കെ നന്ദി അറിയിച്ചു.

## മലനാട് ചാനൽ ദേശഭക്തിഗാന മത്സരം മീനങ്ങാടി റണ്ണർ അപ്

എഴുപത്തി എട്ടാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുടെ ഭാഗമായി വയനാട്ടിലെ പ്രമുഖ പ്രാദേശിക ചാനലായ മലനാട് ചാനൽ സംഘടിപ്പിച്ച ദേശഭക്തി ഗാനാലാപനമത്സരം – സീസൺ 3 ൽ മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് രണ്ടാം സ്ഥാനം. 5000 രൂപയും മെമന്റോയും ഉൾക്കൊള്ളുന്നതാണ് സമ്മാനം. സ്വാതന്ത്ര്യ ദിനത്തിൽ സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പാൾ ഷിവികൃഷ്ണൻ, പി.ടി എ പ്രസിഡണ്ട് എസ്. ഹാജി സ് എന്നിവർ ചേർന്ന് സമ്മാനദാനം നിർവ്വഹിച്ചു. സ്കൂളിലെ സംഗീതാധ്യാപിക കെ.യു സിസ്ഡുവാണ് വിദ്യാർഥികളെ പരിശീലിപ്പിച്ചത്.



